പട്ടിക സമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 341-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് പട്ടികജാതി ലിസ്റ്റിൽ സമുദായങ്ങളെ ഉൾപ്പെടുത്തുന്നത്. കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ട്. ഒരു സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ ആ കാര്യത്തിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പഠനം നടത്തുന്നത്. കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ച് തീർച്ചയായിട്ടും ഒരിക്കൽകൂടി കിർത്താഡ്സിനെക്കൊണ്ട് അതിന് ആവശ്യമായ പഠനം നടത്തിക്കുന്നതാണ്. കുടുംബി സമുദായത്തെ ഒ.ഇ.സി. ലിസ്റ്റൽപ്പെടുത്തി സംസ്ഥാനത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ ഈ വിഭാഗത്തെ ഉദ്യോഗസംവരണത്തിനായി ഒ.ബി.സി.ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമുദായത്തെ ക്രീമിലെയറിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിയിട്ടുമുണ്ട്. സർക്കാർ കോളേജുകളിലെ ബിരുദബിരുദാനന്തര ക്ലാസുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പിന്നോക്ക സമുദായങ്ങൾക്ക് 20 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. മുസ്ലീം-നാടാർ വിഭാഗം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഇൻസെന്റീവായി ഇപ്പോൾ നൽകിവരുന്ന സ്കോളർഷിപ്പ് ആനുകൂല്യം എല്ലാ പിന്നോക്ക വിഭാഗത്തിലുംപെട്ട പെൺകുട്ടികൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ എല്ലാം കുടുംബി സമുദായത്തിനും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന് ഒരു ശതമാനം സംവരണം കുടുംബി സമുദായത്തിന് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## എൻ.എച്ച് 47-നേയും എൻ.എച്ച്. 17-നേയും ബന്ധിപ്പിക്കുന്ന റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്ന ആവശ്യം.

ശ്രീ. ടി. യു.രാധാകൃഷ്ണൻ: സർ, എൻ.എച്ച് 47-നേയും എൻ.എച്ച്. 17-നേയും തമ്മിൽ ബന്ധിപ്പിക്കുന്നതും വളരെ പ്രാധാന്യം അർഹിക്കുന്നതുമായ റോഡാണ് അഷ്ടമിച്ചിറ - അന്നമനട, മാള - അന്നമനട, അന്നമനട - മുഴിക്കുളം, മുഴിക്കുളം - അത്താണി റോഡ്. ചാലക്കുടി പാലം കുറച്ച് വർഷങ്ങൾക്ക് മുമ്പ് തകർന്നുപോയപ്പോൾ എല്ലാ വാഹനങ്ങളും തിരിച്ചുവിട്ടത് മേൽപ്പറഞ്ഞ റൂട്ടിൽക്കൂടിയാണ്. അന്ന് തകർന്നുപോയ ഈ റോഡ് പുനർനിർമ്മിക്കുമെന്നും അത് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുമെന്നും അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് ഒരു പ്രഖ്യാപനം മാത്രമായി നിൽക്കുകയാണ്. പക്ഷേ അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കൃഷ്ണൻകോട്ട പാലത്തിന്റെ പണിപൂർത്തീകരിക്കുന്നതോടുകൂടി വിമാനത്താവളത്തിലേയ്ക്ക് പോകാൻ, ചാലക്കുടി പാലത്തിന് ഇനിയും കേടുപാടുകൾ സംഭവിച്ചാൽ ഒരു ഡൈവർഷൻ റൂട്ട് എന്ന പേരിൽ പരിഗണിക്കാവുന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്നതാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കാനുള്ള നിർദ്ദേശം. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, മാള-അന്നമനട-മുഴിക്കുളം-അഷ്ടമിച്ചിറ റോഡ് ഏതാണ്ട് 21 കിലോമീറ്റർ ദൈർഘ്യം വരുന്ന മേജർ ഡിസ്ട്രിക്ട് റോഡാണ്. തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഈ റോഡ് ദേശീയ പാത 47-നും 17-നും സമാന്തരമായി വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വാഹന ഗതാഗത തിരക്കു കാരണം പ്രസ്തുത റോഡ് നിലവാരം ഉയർത്തി അഭിവൃദ്ധിപ്പെടുത്താനുള്ള ശ്രമങ്ങൾ പരിശോധിച്ച് വരുകയാണ്. 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വകുപ്പിന്റെ പരിശോധനയിലാണ്. തൃശ്ശൂർ - എറണാകുളം ദേശീയ പാതയിൽ തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ശ്രീ. ടി. യു. രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഡൈവർഷനു വേണ്ടി ഉപയോഗിക്കാവുന്ന റോഡ് എന്ന നിലയിലും തീർത്ഥാടന കേന്ദ്രങ്ങളെയും ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ് എന്ന നിലയിലും വളരെ പ്രാധാന്യമുള്ള ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കാനുള്ള നടപടികൾ കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണ്.

(10) ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിനു സംവിധാനം.

ശ്രീ. പി. ടി. തോമസ്: സർ, ഉപേക്ഷിക്കപ്പെട്ടതോ ഉപയോഗശൂന്യമായതോ ആയ ഇലക്ട്രോണിക് അനുബന്ധ ഉപകരണങ്ങളാണ് ഇ-മാലിന്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നത്. കമ്പ്യൂട്ടറുകൾ, റെഫ്രിജറേറ്ററുകൾ, ടെലിവിഷനുകൾ, മൊബൈൽ ഫോണുകൾ തുടങ്ങിയ ഡൊമസ്റ്റിക് വേസ്റ്റുകളിൽ ആയിരത്തിലധികം വിഷപദാർത്ഥങ്ങൾ കലർന്നിട്ടുണ്ട്. പഴയ കമ്പ്യൂട്ടർ മോണിട്ടറുകളിലെ കാഥോഡ് റേ ട്യൂബിൽ ഏകദേശം രണ്ട് കിലോഗ്രാം ലെഡ് അടങ്ങിയിട്ടുണ്ട്. ലെഡ് എന്ന ഈ ലോഹം നേരെ നമ്മുടെ തലച്ചോറിലാണ് അടിഞ്ഞുചേരുന്നത്. ഈ വർഷം ആഗോളതലത്തിൽ 200 കോടി ജനങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഓരോ വർഷവും സാധാരണ നഗരമാലിന്യങ്ങൾ കൊണ്ടുണ്ടാകുന്ന വളർച്ചയെക്കാൾ മൂന്നു ഇരട്ടി വേഗതയിലാണ് ഇ-മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ഡെൽക്ക് കമ്പനി 1997 - 2001 കാലയളവിൽ പ്രയോജനരഹിതമായ 5.5 കോടി കമ്പ്യൂട്ടറുകളാണ് കയറ്റി അയച്ചത്. ഇവ ഉല്പാദിപ്പിക്കുന്ന മെർക്കുറിയുടെ അളവ് 69520 പൗണ്ടാണ്. ഒരു ടീസ്പൂണിന്റെ എഴുപതിലൊന്നുഭാഗം മെർക്കുറി 20 ഏക്കർ വ്യാപിച്ചുകിടക്കുന്ന ഒരു തടാകത്തിലെ മുഴുവൻ മൽസ്യങ്ങളെയും ഭക്ഷ്യയോഗ്യമല്ലാതാക്കും എന്നാണ് തെളിയിച്ചിരിക്കുന്നത്. സർക്ക്യൂട്ട് ബോർഡുകളിലും അർദ്ധചാലകങ്ങളിലും കാണപ്പെടുന്ന കാഡ്മിയം നമ്മുടെ എല്ലിന്റെ ഘടനയെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. ആർസനിക്, ആന്റിമണി, ബർലിയം, സെല്ലിയം, ക്രോമിയം, കോബാൾ ഇങ്ങനെ ഇ-വേസ്റ്റിലെ വിഷപദാർത്ഥങ്ങളുടെ പട്ടിക നീളുകയാണ്. ഇതിൽ പലതും ക്യാൻസർ രോഗം

LIBRARY ARCHIVES Kerala Legislative Assembly